Prot.No.MPL: 39/18/25

**സർക്കുലർ**

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സഹോദരീ സഹോദരന്മാരേ,

കേരളത്തിലുണ്ടായ അതിഭയാനകമായ വെള്ളപ്പൊക്കവും അതിനെ തുടർന്നുണ്ടായ മരണങ്ങളും കെടുതികളും നമ്മെയൊക്കെ ഏറെ വേദനിപ്പിച്ചിട്ടുണ്ടല്ലോ. നമ്മിൽ ചിലരുടെയും ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും വീടും കുടുംബവും മഹാദുരിതത്തിനിരയായി എന്നത് നമ്മെ നടുക്കുന്നു. ദുരന്തത്തെ തുടർന്നുണ്ടായ രക്ഷാ പ്രവർത്തനങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ഒരു മനസും ഒരു ഹൃദയവുമായി കേരള ജനത ഒറ്റക്കെട്ടായി സഹകരിച്ചത് മനുഷ്യനന്മക്ക് വലിയ സാക്ഷ്യമാണ്. ആഗസ്റ്റ് മാസത്തിൽ നാട്ടിലുണ്ടായിരുന്നതുകൊണ്ട് ഒരു പരിധി വരെ ഈ പ്രകൃതി ദുരന്തം അനുഭവിക്കാനും ക്യാമ്പുകൾ സന്ദർശിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കുചേരാനും എനിക്ക് അവസരമുണ്ടായി.

രാഷ്ട്രീയചിന്തകൾക്കതീതമായി ജാതിമതഭേദമെന്യേ സംഘടനകളുടെയും ഇടവകകളുടെയും നല്ല മനസുള്ള എല്ലാവരുടെയും സഹകരണത്തോടെ സ്തുത്യർഹമായ രക്ഷാപ്രവർത്തനങ്ങൾ നടത്താൻ കേരളജനത മുന്നോട്ട് വരികയുണ്ടായി. പല വ്യക്തികളുടെയും കുടുംബങ്ങളുടെയും സ്ഥാപനങ്ങളുടെയും ജീവിതം സാധാരണരീതിയിലേക്ക് തിരിച്ചെത്തണമെങ്കിൽ ഇനിയും ഏറെ സഹായവും സമയവും വേണ്ടി വരും. കേരള കത്തോലിക്കാ സഭ ഈ രക്ഷാപ്രവർത്തനങ്ങളിൽ പ്രശംസനീയമായ മാതൃകയാണ് കാഴ്ചവെച്ചിട്ടുള്ളത്. ആളുകൊണ്ടും അർത്ഥം കൊണ്ടും അകമഴിഞ്ഞ് സഹായിച്ച രൂപതകളും ഇടവകകളും നിരവധിയാണ്. അതിന് പലയിടങ്ങളിലും ഞാൻ തന്നെ സാക്ഷിയാണ്.

നമ്മുടെ സഭയുടെ മേജർ ആർച്ച് ബിഷപ്പ് ആലഞ്ചേരി പിതാവിന്റെ നിർദ്ദേശപ്രകാരം എന്റെ അഭ്യർത്ഥന അനുസരിച്ച് നമ്മുടെ ഇടവകകളിൽ നിന്നും കമ്മ്യൂണിറ്റികളിൽ നിന്നുമായി നാളിതുവരെ ഒരു ലക്ഷത്തി എൺപതിനായിരത്തി ഒരുനൂറ്റി എഴുപത്തിനാല്(180,174.00) ഡോളറാണ് സംഭാവന ലഭിച്ചത്. പ്രസ്തുത സംഖ്യ നമ്മുടെ മേജർ ആർച്ച് ബിഷപ്പ് വഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് അയച്ചിട്ടുണ്ട്. നിങ്ങളുടെ ഔദാര്യപൂർവ്വമായ സഹകരണം എല്ലാവർക്കും നല്ല മാതൃക നല്കുന്നുണ്ട് എന്നതിൽ ഞാൻ അഭിമാനിക്കുന്നു.നിസ്വാർത്ഥമായി സഹകരിച്ച ഏവർക്കും നന്ദി. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

എല്ലാവർക്കും നന്ദി!

**+ ബോസ്കോ പിതാവ്** **12 സെപ്റ്റംബർ 2018**

NB: ഈ സർക്കുലർ 2018 സെപ്റ്റംബർ 16-ാം തിയതി ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.